# എം.റ്റി.എൽ.പി.എസ്
# ഊവൻമല

## അക്കാദമിക മാസ്റ്റർ പ്ലാൻ

2025-2026


M.T.L.P.SCHOOL
POOVANMALA
RANNI

## ആമുഖം

### പൊതു വിദ്യാലയങ്ങൾ — മികവിന്റെ കേന്ദ്രങ്ങളായി മാറുന്നു

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി, നമ്മുടെ പൊതുവിദ്യാലയങ്ങളെ ഗുണനിലവാരത്തിൽ മുൻപന്തിയിൽ നിർത്തുന്നതിന് ആവശ്യമായ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്യുന്നതിനാണ് ഓരോ വിദ്യാലയങ്ങളും അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്. ആധുനിക വിദ്യാഭ്യാസ സാഹചര്യങ്ങൾക്കനുസരിച്ചും പുതുതായി നടപ്പാക്കുന്ന വിദ്യാഭ്യാസ നയങ്ങൾക്കനുസരിച്ചും കുട്ടികളുടെ ബൗദ്ധിക, മാനസിക വളർച്ചയ്ക്ക് സഹായകമാകുന്ന രീതിയിലാണ് ഈ പദ്ധതി രൂപകൽപ്പന ചെയ്തിരുന്നത്.

പൊതു വിദ്യാഭ്യാസത്തെ മികച്ച രീതിയിൽ മുന്നോട്ടു കൊണ്ടുപോകാനും എല്ലാ കുട്ടികൾക്കും നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കാനും ആണ് ഈ മാസ്റ്റർപ്ലാനിന്റെ പ്രധാനം ലക്ഷ്യം. എല്ലാ പൊതുവിദ്യാലയങ്ങളെയും മികവിന്റെ മാതൃകകളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ ഒരുക്കുന്ന ഈ  മാസ്റ്റർ പ്ലാൻ, വിദ്യാലയത്തിന് മികച്ച വഴികാട്ടിയാവുമെന്നുറപ്പാണ്.

## പഠനലക്ഷ്യങ്ങൾ

* അക്ഷരങ്ങൾ ശരിയായ ഘടനപാലിച്ച് എഴുതുന്നതിനും ഉച്ചരിക്കുന്നതിനുമുള്ള പരിശീലനം ഉറപ്പാക്കുക.
* അർത്ഥപൂർണ്ണമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുക.
* സാഹിത്യ അഭിരുചി വളർത്തുക.
* വായനയിൽ താത്പര്യം ജനിപ്പിക്കുക.
* കുട്ടികളുടെ വായനാശേഷി, എഴുത്തുശേഷി, സംസാരശേഷി, കേൾവിശേഷി എന്നിവ ഗണ്യമായി മെച്ചപ്പെടുത്തുക.
* ശബ്ദകോശം വികസിപ്പിച്ച് വാക്കുകൾ ശരിയായ സന്ദർഭങ്ങളിൽ ഉപയോഗിക്കാൻ അവരെ പ്രാപ്തരാക്കുക.
* മലയാള ഭാഷയോടുള്ള താൽപ്പര്യം വളർത്തി പഠനം ഒരു ഭാരമാകാത്ത, ആസ്വാദ്യകരമായ അനുഭവമാക്കി മാറ്റുക.
* പഠനത്തിൽ ആത്മവിശ്വാസം വളർത്തുകയും ഭാഷാപരമായ വെല്ലുവിളികളെ നേരിടാൻ അവരെ പ്രാപ്തരാക്കുകയും ചെയ്യുക.
* ചിന്തിക്കാനും ആശയങ്ങൾ രൂപീകരിക്കാനും അവയെ വ്യക്തമായി പ്രകടിപ്പിക്കാനുമുള്ള സർഗ്ഗാത്മക ശേഷി വളർത്തുക.

# പ്രവർത്തന വിശദീകരണം

**ഘട്ടം : 1** : അടിസ്ഥാനശേഷി വികസനം.

പ്രവർത്തനം : 1 - അക്ഷരമാല പഠനം :- കളികളിലൂടെയും ചിത്രങ്ങളിലൂടെയും.

- അക്ഷരഘടന പാലിച്ചുള്ള എഴുത്ത്

അക്ഷരകാർഡ് – അക്ഷരം കണ്ടെത്തൽ, കാണാതായ അക്ഷരം കണ്ടെത്തൽ, വാക്കുകളുണ്ടാക്കൽ

ബോർഡിൽ എഴുത്ത്, കട്ടിക്കെഴുത്ത്, മണലിൽ എഴുത്ത്, sand paper - അക്ഷരങ്ങൾ

പ്രവർത്തനം : 2 - വായനാ പരിശീലനം :- ലളിതമായി തുടങ്ങാം.

ഉച്ചാരണശുദ്ധി

ബാലമാസികകൾ വായന

അമ്മ വായന

വായനാമൂല

വീട്ടിലൊരു ലൈബ്രറി

വായനാമരം

പ്രവർത്തനം : 3 - കേട്ടെഴുത്ത് - കേട്ടും എഴുതിയും പഠനം

പറഞ്ഞ് എഴുത്ത്

**ഘട്ടം : 2** : ഭാഷാപ്രയോഗവും ആശയവിനിമയവും

പ്രവർത്തനം 1 : കഥാരചനയും വായനയും

- ഭാവനയ്ക്ക് നിറം നൽകൽ
- കഥ വായിച്ച് ആശയം കണ്ടെത്തൽ - പറയൽ
- സന്ദേശം സ്വന്തം വാക്കുകളിൽ പറയുന്നു.
- ചോദ്യങ്ങളും ഉത്തരങ്ങളും കണ്ടെത്തി എഴുതുന്നു.
- ചിത്രകഥ പൂർത്തിയാക്കുന്നു.
- ലൈബ്രറി പുസ്തകങ്ങൾ - വായനാക്കൂട്ടം

പ്രവർത്തനം 2 : വാക്യ നിർമ്മാണം - വാക്കുകൾക്ക് ജീവൻ നൽകാം.

- വാക്കുകൾ ഉപയോഗിച്ച് വാക്യം നിർമ്മിക്കൽ (പരമാവധി 5 എണ്ണം വരെ)
- ചിത്രം കണ്ട് വാക്യമുണ്ടാക്കൽ
- കുറിപ്പ് തയാറാക്കൽ

പ്രവർത്തനം 3 : സംഭാഷണ പരിശീലനം ; - സംസാരിച്ച് പഠിക്കാം.

- റോൾപ്ലേ
- എന്റെ ദിവസത്തെക്കുറിച്ച് പറയാം

# ഇംഗ്ലീഷ്

**പ്രവർത്തനം :** 1
**പേര് :** ഇംഗ്ലീഷ് അസംബ്ലി
**ഉപമേഖല :** പ്രകടനവേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകൽ | ആഴ്ചയിൽ ഒരുദിനം കുട്ടികൾതന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ക്ലബ്ബ് | |

**പ്രവർത്തനം :** 2
**പേര് :** ഇംഗ്ലീഷ് ഡയറി (3,4ക്ലാസ്സുകളിൽ )
**ഉപമേഖല :** ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് രചന മെച്ചപ്പെടുത്തുന്നതിന് ഇംഗ്ലീഷിലുള്ള | ഓരോ ദിവസത്തെയും വീട്ടിലെയും വിദ്യാലയത്തിലേയും അനുഭവങ്ങൾ ഇംഗ്ലീഷിൽ ഏഴുതുക. | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ്സ് ടീച്ചർ | |

**പ്രവർത്തനം :** 3
**പേര് :** ഇംഗ്ലീഷ് ബുള്ളറ്റിൻ (3,4 ക്ലാസ്സുകളിൽ )
**ഉപമേഖല :** ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കുക. | ഓരോ മാസവും ഏതെങ്കിലും വിഷയത്തെക്കുറിച്ച് ഇംഗ്ലീഷിൽ ബുള്ളറ്റിൻ ഒരുക്കു.<br>ജൂൺ - പരിസ്ഥിതി<br>ജൂലൈ - ചന്ദ്രൻ<br>ആഗസ്ത് - സ്വാതന്ത്ര്യദിനം<br>സെപ്തംബർ - ഓണം<br>ഒക്ടോബർ - ഗാന്ധി<br>നവംബർ - കേരളം<br>ഡിസംബർ - ക്രിസ്തുമസ്<br>ജനുവരി - ന്യൂഇയർ | ഓരോ മാസവും | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 1
പേര് : ഗണിതമൂല
ഉപമേഖല : ഗണിത കേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളിലും ആർജ്ജിക്കുന്നതിന് | മുഴുവൻ ക്ലാസിലും ഗണിതമൂലകൾ ക്രമീകരിക്കൽ. (മഞ്ചാടി, കളിനോട്ട് കാർഡുകൾ തുടങ്ങിയവ) | ജൂൺ | ക്ലാസ്സ് ടീച്ചർ | 2000 |

# ദിനാഘോഷി - പരിഗണന

പ്രത്യേക പഠനോപകരണങ്ങൾ

സംഖ്യാചാർട്ട് models

pictures.

# ഭൗതികസാഹചര്യം മെച്ചപ്പെടുത്തൽ.

1) സ്കൂൾ ചുവർ - പഠന ചുവരുകൾ
2) സ്കൂളിന്റെ തറ Renovation.
3) ശിശുസൗഹൃദ പാർക്ക്.
4) ചുറ്റോട്ട് നിർമ്മാണം.
5) സ്കൂൾ അടുക്കള - Renovation.